ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഈ സർക്കാരിന്റെ കാലത്ത് കുടുംബശ്രീക്ക് പ്ലാൻ ഫണ്ടിൽനിന്നും താഴെ പറയുംപ്രകാരം ഫണ്ട് അനുവദിച്ചിട്ടുണ്ട് :

വർഷം	ലഭിച്ച തുക (രൂപ ലക്ഷത്തിൽ)
2011-12	4500
2012-13	8417
2013-14	9000
2014-15	11549

എന്നാൽ ജനശ്രീക്ക് ഫണ്ടനുവദിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) കുടുംബശ്രീയുടെയും ജനശ്രീയുടെയും പ്രവർത്തനങ്ങൾ പ്രത്യേകം വിലയിരുത്തിയിട്ടില്ല.

(ഡി) കുടുംബശ്രീ പ്രവർത്തിക്കുന്നത് സർക്കാർ ഉത്തരവ് (പി) നമ്പർ 222/2008/തസ്വഭവ പ്രകാരമുള്ള ബൈലോ അനുസരിച്ചാണ്. എന്നാൽ ജനശ്രീ സർക്കാർ അംഗീകൃത സംവിധാനമല്ല. ആയതിനാൽ അതിന്റെ സ്വഭാവം, ഘടന എന്നിവയെക്കുറിച്ചുള്ള വിവരം ലഭ്യമല്ല.

കുടുംബശ്രീയുടെ സ്നേഹിത പദ്ധതി

210 (1628) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുടുംബശ്രീയുടെ നേതൃത്വത്തിൽ സ്നേഹിത എന്ന പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(ബി) വയനാട് ജില്ലയിൽ പ്രസ്തുത പദ്ധതി ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയിലൂടെ എന്തെല്ലാം സൗകര്യങ്ങളാണ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്. അതിക്രമങ്ങൾക്കും ചൂഷണങ്ങൾക്കും വിവേചനങ്ങൾക്കും വിധേയരാകുന്ന സ്ത്രീകൾക്കും കുട്ടികൾക്കും ആവശ്യമായ കൗൺസിലിംഗ്, താത്ക്കാലിക അഭയം, അടിയന്തര ഘട്ടങ്ങളിൽ നിയമസഹായം ലഭ്യമാക്കുന്നതിന് നിലവിലുള്ള സഹായ സംവിധാനങ്ങളുമായി ബന്ധപ്പെടുത്തുക എന്നീ ലക്ഷ്യങ്ങളോടെ സംസ്ഥാനത്തെ 3 ജില്ലകളിൽ (തിരുവനന്തപുരം, എറണാകുളം, മലപ്പുറം) പൈലറ്റ് അടിസ്ഥാനത്തിൽ സ്നേഹിത ഹെൽപ്പ് ഡെസ്കുകൾ ആരംഭിച്ച് പ്രവർത്തിച്ചുവരുന്നു.

(ബി) ഉണ്ട്. 2013 നവംബർ 25-ന് എൻ.ആർ.എൽ.എം. എംപവേർഡ് കമ്മിറ്റി മീറ്റിംഗിൽ കുടുംബശ്രീ മിഷൻ സമർപ്പിച്ച ആന്റി ഹ്യൂമൺ ട്രാഫിക്കിംഗ് പൈലറ്റ് പ്രോജക്ടിന് കേന്ദ്ര സർക്കാർ അംഗീകാരം നൽകിയതിന്റെ അടിസ്ഥാനത്തിൽ ആന്റി ഹ്യൂമൻ ട്രാഫിക്കിംഗ് പൈലറ്റ് പ്രോജക്ട് സംസ്ഥാനത്ത് നടപ്പിലാക്കി വരികയാണ്. പ്രസ്തുത പദ്ധതിയുടെ ഭാഗമായി വയനാട്, പാലക്കാട്, ഇടുക്കി എന്നീ ജില്ലകളിൽ സ്നേഹിത ജെൻഡർ ഹെൽപ്പ് ഡെസ്ക് ആരംഭിക്കുന്നുണ്ട്. വയനാട് ജില്ലയിൽ കൽപ്പറ്റ ബ്ലോക്കിലെ മുട്ടിൽ ഗ്രാമപഞ്ചായത്തിലെ കുട്ടമംഗലം എന്ന സ്ഥലത്താണ് സ്നേഹിത പദ്ധതി ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നത്.

(സി) സ്നേഹിത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു :

1. സഹായം അഭ്യർത്ഥിച്ച് വരുന്ന സ്ത്രീകൾക്ക് വേണ്ട പിന്തുണയും നിർദ്ദേശവും നൽകി അനുയോജ്യമായ സേവനദാതാക്കളുമായോ സ്ഥാപനങ്ങളുമായോ ബന്ധപ്പെടുത്തി തുടർ നടപടികൾ സ്വീകരിക്കുക.

2. അതിക്രമങ്ങൾക്കും ചൂഷണങ്ങൾക്കും വിവേചനങ്ങൾക്കും വിധേയരാകുന്ന സ്ത്രീകൾക്കും കുട്ടികൾക്കും ആവശ്യമായ കൗൺസിലിംഗ്, താത്ക്കാലിക അഭയം, അടിയന്തര ഘട്ടങ്ങളിൽ നിയമസഹായം ലഭ്യമാക്കുന്നതിന് നിലവിലുള്ള സഹായ സംവിധാനങ്ങളുമായി ബന്ധപ്പെടുത്തുക.

3. മറ്റ് സ്ഥലങ്ങളിൽനിന്നും യാത്ര ചെയ്യുവരുന്ന സ്ത്രീകൾക്ക് ആവശ്യമായ പിന്തുണാ നിർദ്ദേശങ്ങൾ നൽകുക (താമസം, സ്ഥലങ്ങൾ, സ്ഥാപനങ്ങൾ എന്നിവയെ കുറിച്ചുള്ള വിവരങ്ങൾ തുടങ്ങിയവ)

4. ഉപജീവനം, അതിജീവനം, സുരക്ഷ തുടങ്ങിയവയ്ക്കായി ഏതെങ്കിലും സർക്കാർ/ സർക്കാരേതര സ്ഥാപനങ്ങളുടെ സേവനം ആവശ്യമായ സ്ത്രീകൾക്ക് വേണ്ട മാർഗ്ഗനിർദ്ദേശം നൽകുന്ന ഒരു സർവ്വീസ് സെന്ററായി പ്രവർത്തിക്കുക.